സ്വകാര്യ മേഖലയിലെ തൊഴിൽ സംരക്ഷണത്തിന് നടപടി

236 (937) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി തൊഴിൽ നിയമങ്ങൾപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതുകൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലിടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയും വരുന്നു. ഇതിന്റെ ഭാഗമായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (സ്റ്റാന്റിങ് ഓർഡേഴ്സ്) നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ടി നിയമത്തിലെ വിവിധ വകുപ്പുകളിൽ ഭേദഗതി വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലുമാണ്.

തൊഴിൽ തർക്കങ്ങളുണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസിലിയേഷൻ/ അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. അതോടൊപ്പം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനകളും നടത്തിവരുന്നു. 2014-ൽ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള പരിശോധന നടത്തിയതിൽ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 1190 സ്ഥാപനങ്ങൾക്കെതിരെ കൂടിയും പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ 74 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെടുത്തി മിനിമം വേതനം നിശ്ചയിച്ച് ആയത് നടപ്പിലാക്കി വരുന്നു. 2011 മുതൽ 2014 വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുറമേ പുതുതായി അഞ്ച് തൊഴിൽ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ "വേതന സുരക്ഷാ പദ്ധതി" നടപ്പിലാകുന്നതോടുകൂടി സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താനും ആയത് സ്ഥാപനത്തിൽ പോകാതെ പരിശോധിക്കുന്നതിനും വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് ഇൻസ്പെക്ടർമാർക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നുണ്ട്. വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഡ് ഇൻസ്പെക്ഷനുകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമ ലംഘനങ്ങൾക്കെതിരെ സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ കൂടിയും പെറ്റിഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാന വ്യാപകമായി ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനാ വിവരം അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly